# വചന വിചിന്തനം

## ഏലിയാ-ശ്ലീവക്കാലം രണ്ടാം ഞായർ

**മത്താ 13,1-23**

“വചനം ശ്രവിച്ചത് കൊണ്ട് മാത്രം ആരും സ്വർഗ്ഗം മോഷ്ടിച്ചിട്ടില്ല.
മറിച്ച്, വചനം ജീവിതമാക്കിയവർ മാത്രമാണ് സ്വർഗ്ഗം കട്ടെടുത്തിട്ടുള്ളത്”

“മാലാഖമാരെ പിശാചുക്കളാക്കിയത് അഹങ്കാരമാണെങ്കിൽ, മനുഷ്യരെ മാലഖമാരാക്കുന്നത് വിനയമാണ്.”

സെന്റ് അഗസ്റ്റിൻ

വീട്ടിൽ എല്ലാവരും തിരക്കിട്ട ആഘോഷത്തിലാണ്. വളരെ നാളുകൾക്ക് ശേഷമാണ് തറവാട്ടിൽ ഒരു വിവാഹം നടക്കുന്നത്. അതിന്റെതായ ആർഭാടങ്ങളും ആഘോഷങ്ങളും പൊലിമ ചാർത്തി നിൽക്കുന്നുണ്ട്. നിനച്ചിരിക്കാതെ കാലവർഷം അതിന്റെ രൗദ്രഭാവത്തോടെ പെയ്തിറങ്ങിയപ്പോൾ പന്തൽ ചോരാൻ തുടങ്ങി. കുടുംബനാഥൻ ഓരോ പാത്രങ്ങളെടുത്ത് കുട്ടികളുടെ കൈകളിൽ കൊടുത്തിട്ട് പറഞ്ഞു പന്തലിൽ വെള്ളം ചോരുന്ന സ്ഥലങ്ങളിൽ കൊണ്ട് ചെന്ന് വയ്ക്കുക. ഓടി ചാടി കളിച്ചിരുന്ന കുട്ടികൾ എന്തെങ്കിലും പണി ചെയ്ത് തങ്ങളുടെ സാനിദ്ധ്യം ഉറപ്പാക്കാൻ ആഗ്രഹിച്ചിരുന്നപ്പോഴാണ് ഗൃഹനാഥൻ പാത്രം നൽകി പണി ഏൽപ്പിക്കുന്നത്.

കിട്ടിയ പാതി കിട്ടാത്ത പാതി കിട്ടിയതും കൊണ്ട് വെള്ളം ചോരുന്ന ഇടം നോക്കി കുട്ടികൾ പന്തലിലേയ്ക്കോടി. അവസാനം മഴ നിലച്ചപ്പോൾ തങ്ങൾ ശേഖരിച്ച വെള്ളവുമായി കുട്ടികൾ തിരികെയെത്തി, ഞാൻ എല്ലവരെക്കാളും അധികം വെള്ളം ശേഖരിച്ചു എന്നുള്ള അവകാശവാദം മുഴക്കിയപ്പോൾ ഒരാൾ മാത്രം ചെറിയ വായിൽ വലിയ കരച്ചിലാണ്. കാര്യമന്വേഷിച്ചപ്പോഴാണ് അറിഞ്ഞത്, അവന് കിട്ടിയത് കുടമാണ്. അതിന്റെ വാവട്ടം കുറഞ്ഞിരുന്നത് കൊണ്ട് അവന് മാത്രം മറ്റു കുട്ടികളെപ്പോലെ വെള്ളം കിട്ടിയില്ല.

അവനെ ആശ്വസിപ്പിക്കാൻ ചേർത്ത് നിർത്തിയിട്ട് പറഞ്ഞു, “മോനെ ഇത് നിന്റെ പ്രശ്നമല്ല. വട്ടകയുടെ അത്രം കുടത്തിന്റെ വാവട്ടം ഇല്ലാതിരുന്നത് കൊണ്ടാണ് മറ്റുള്ളവരെക്കാൾ അധികം വെള്ളം നിനക്ക് കിട്ടാതിരുന്നത്.”

'വിതക്കാരന്റെ ഉപമ'യാണ് നാം ഇന്ന് വായിച്ച് കേട്ടത്. എന്നാൽ, 'വിതക്കാരന്റെ ഉപമ' എന്നതിനേക്കാൾ 'നിലത്തിന്റെ ഉപമ' എന്ന് പറയുന്നതായിരിക്കും കൂടുതൽ നല്ലത്. കാരണം വിതക്കുന്നതും കാക്കുന്നതും ശുശ്രൂഷിക്കുന്നതും ഒരു വിതക്കാരനും വിത്ത് ഒന്നു തന്നെയുമാണ്. എന്നാൽ പതിക്കുന്ന ഇടങ്ങൾ, നിലങ്ങൾ വിവിധങ്ങളാണ്. അതുകൊണ്ട് തന്നെ 'ഫലം വിളഞ്ഞതിനും വിളയാത്തതിനും ഉത്തരവാദി നിലം മാത്രമാണ്.' വിതയ്ക്കുന്നവൻ ദൈവമാണ്. വിതയ്ക്കപ്പെടുന്നത് ദൈവവചനവും. എന്നാൽ പതിക്കുന്ന ഇടങ്ങൾ നമ്മളുടെ ഹൃദയങ്ങളിലും. നമ്മുടെ ഹൃദയം ദൈവവചനത്തെ എപ്രകാരമാണ് സ്വീകരിക്കുന്നത്. ഒരുക്കത്തോടും വിശ്വാസത്തോടും കൂടി ഹൃദയം തുറന്നാണോ നമ്മുടെ ഹൃദയം ദൈവചവനം സ്വീകരിക്കുന്നത്? അതോ കുടം പോലെ വളരെ ഇടുങ്ങിയ വാതിലുകളുമായിട്ടാണോ നാം വചനം സ്വീകരിക്കുന്നത്? ഫലം വിളഞ്ഞതിനും വിളയാത്തതിനും ഉത്തരവാദി നിലമാണെങ്കിൽ ദൈവവചനം എന്നിൽ ഫലം കായ്ക്കുന്നതിനും കായ്ക്കാതിരിക്കുന്നതിനും ഉത്തരവാദി ഞാൻ മാത്രമാണ്. ഒരുക്കത്തോട് കൂടി വിശ്വാസത്തോടു കൂടി ദൈവവചനത്തെ

സ്വീകരിക്കുന്നുണ്ടെങ്കിൽ മാത്രമെ ദൈവവചനം എന്നിൽ നൂറ് മേനി ഫലം പുറപ്പെടുവിക്കുകയൊള്ളു.

സുവിശേഷ പ്രഘോഷണ യജ്ഞങ്ങൾ എന്തുകൊണ്ട് പാഴായി പോകുന്നു എന്നതിനുള്ള ഉത്തരമാണ് ഇന്നത്തെ വചനഭാഗം. ഒരേ വിതക്കാരൻ ഒരെ വിധത്തിൽ ഒരെപ്പോലെയുള്ള വിത്തുകൾ വിതയ്ക്കുന്നു. എന്നാൽ അവയിൽ കുറെ പാഴായി പോകുന്നു. കാരണം, അവ പതിച്ച ഇടങ്ങൾ പാഴ്നിലങ്ങളായിരുന്നു. വചനം കേൾക്കുന്നവരുടെ ഹൃദയങ്ങൾ പാഴ്നിലങ്ങളാണെങ്കിൽ അവ ഫലം പുറപ്പെടുവിക്കുകയില്ല. സുവിശേഷ വചനങ്ങൾ എന്റെ ഹൃദയത്തിൽ, എന്റെ കുടുംബത്തിൽ മാറ്റങ്ങൾക്ക് കാരണമാകണമെങ്കൽ, നൂറ് മേനി ഫലം പുറപ്പെടുവിക്കണമെങ്കിൽ പതിക്കുന്ന ഇടങ്ങൾ പാഴ്നിലങ്ങളല്ലാതെയിരിക്കണം.

കണ്ണുനീരിന്റെ പുത്രനാണ് വി.അഗസ്റ്റിൻ. മോണിക്കപുണ്ണ്യവതിയുടെ മുപ്പത് വർഷത്തെ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും തപസിന്റെയും സമ്മാനമാണ് വി. അഗസ്റ്റിൻ. ആഫ്രീക്കയിലെ ഹിപ്പോ എന്ന നഗരത്തിൽ ജനിച്ച വി.അഗസ്റ്റിൻ ജീവിതം ആസ്വദിക്കാനുള്ളതാണ് എന്നുള്ള ചിന്തയിൽ വളർന്നവനാണ്. പതിനാറാമത്തെ വയസ്സിൽ ഒരു കുട്ടിയുടെ അച്ഛനായവൻ. ദൈവമോ മാതാപിതാക്കളോ സഹോദരങ്ങളോ അഗസ്റ്റിന് വിഷയമല്ലായിരുന്നു. "എന്തു വന്നാലും ആസ്വദിക്കണം മുന്തിരിചാറുപോലെയുള്ള ഈ ജീവിതം" എന്നതായിരുന്നു അഗസ്റ്റിന്റെ തത്ത്വശാസ്ത്രം. ഒരു നാൾ മിലാനിലെ കത്തീഡ്രൽ ദൈവാലയത്തിൽ വി. അംബ്രോസിന്റെ പ്രസംഗം കേൾക്കാൻ അഗസ്റ്റിന് ഇടവന്നു. റോമ 13,13 കേട്ട അഗസ്റ്റിൻ നവീകരണത്തിലേയ്ക്ക് കടന്നു വന്നു. ക്രിസ്ത്യാനിയായി, അച്ചനായി, മെത്രാനായി, സഭയുടെ വേദ പാരംഗതനായി... ഈ വചനം തന്നെയല്ലേ അവിടെയിരുന്ന സകല ജനങ്ങളും ശ്രവിച്ചത്. റോമ 13,13 പല ആവർത്തി നാം വയിച്ച് തിരിച്ചും മറിച്ചും ധ്യാനിച്ച് പുതിയ ആശയങ്ങളും ബോദ്ധ്യങ്ങളും സ്വന്തമാക്കിയിട്ടില്ലേ. എന്നിട്ടുമെന്തേ, ഈ വചനം ശ്രവിച്ച അന്നത്തെ സമൂഹവും ഈ വചനം പല ആവർത്തി വായിച്ചിട്ടുള്ള നമ്മളും അഗസ്റ്റിനെപ്പോലെ വിശുദ്ധരാകാത്തെ?

സോഷ്യലീസം
നല്ല ചിന്തയാണ്...
ആവിടെ
ആരും താണവരല്ല,
ആരും വലിയവരല്ല...
ഈ വ്യവസ്ഥയിൽ
രാജാവും കൃഷിക്കാരനും
ധനികനും ദരിദ്രനും
തൊഴിലുടമയും
തൊഴിലാളിയും
എല്ലാം
ഒരെ നിലയിലുള്ളവരാണ്

എന്നാൽ, ഈ വചനം ശ്രവിച്ച ഫ്രാൻസീസ് എന്ന ചെറുപ്പക്കാരൻ തന്റെ മോഹങ്ങളെയും സ്വപ്നങ്ങളെയും കാറ്റിൽ പറുത്തി, പ്രഭുകുടുംബത്തിന്റെ സുരക്ഷിതത്വം അവസാനിപ്പിച്ച്, ഉടുതുണിപ്പോലും സ്വപിതാവിനെ ഏൽപ്പിച്ച് തെരുവിലേയ്ക്കിറങ്ങി. സ്നേഹത്തിന്റെ പ്രവാചകനായ ആ ചെറുപ്പക്കാരൻ ക്രിസ്തുവിന്റെ ഇടിഞ്ഞു പൊളിഞ്ഞ് വീഴാറായി കിടക്കുന്ന ദൈവാലയം പുതുക്കിപണിയാൻ... കുഷ്ഠരോഗികളെ സ്നേഹത്തോടെ ചുംമ്പിച്ചാൽ അവർക്ക് സൗഖ്യം സമ്മാനിക്കാമെന്നും അവരിലെ ദൈവത്തെ കാണാം എന്നും കാണിച്ച് തരാൻ... സഹനങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ച് വച്ചിട്ടുള്ള ദൈവത്തിന്റെ സ്നേഹം കാണിച്ച് തരാൻ... നൂറു മേനി ഫലം പുറപ്പെടുവിക്കേണ്ട വചനങ്ങൾ എന്തേ പലരിലും ഫലശൂന്യമാകുന്നത് എന്നതിനുള്ള ഉത്തരമാണ് ഈ വചനഭാഗം. വിതക്കാരന്റെയും വിത്തുകളുടെയുമല്ല പ്രശ്നം. മറിച്ച്, പതിക്കുന്ന ഇടങ്ങളാണ്. വിതക്കാരനെ കുറ്റം പറഞ്ഞും വിത്തിന്റെ ഗുണനിലവാരത്തെ പഴിച്ചുകൊണ്ടും അവസാനിപ്പിക്കേണ്ടതല്ല നമ്മുടെ ജീവിതം. മറ്റുള്ളവരെ പഴി ചാരാൻ നമ്മുക്ക് ഇഷ്ടമാണ്. മാർപ്പാപ്പ മുതൽ താഴെ തട്ടിലുള്ള ഇടവകപ്പള്ളിയിലെ കൊച്ചച്ചനെ വരെ നാം കുറ്റം പറയും. സഭയിലെ സകല പ്രശ്നങ്ങൾക്കും ഇവരാണുത്തരവാദി. അച്ചൻ ശരിയല്ല, മെത്രാനച്ചൻ ശരിയല്ല, കൈക്കാരൻ ശരിയല്ല, കന്യാസ്ത്രീകൾ ശരിയല്ല. ഇവരുടെ വാക്കും പ്രവർത്തിയും തമ്മിൽ പൊരുത്തമില്ല. പരാതികൾ ലുത്തിനിയപ്പോലെ ജപിക്കുന്നവരാണ് നമ്മൾ.

വിധിദിവസത്തിൽ സർവ്വജ്ഞാനിയായ തമ്പുരാന്റെ മുമ്പിൽ നിൽക്കുമ്പോൾ നാം

ക്ഷണിക്കരുത്
എന്ന ഗ്രീക്ക്
മൂലത്തിന്റെ അർത്ഥം
കൂട്ടുകാരെയും
ബന്ധുക്കളെയും
ധനികരെയും
ക്ഷണിക്കരുത് എന്നല്ല.
മറിച്ച്,
അവരെ മാത്രം ക്ഷണി
ക്കരുത്;
പാവപ്പെട്ടവരെയും
പഴിതരെയും കൂടി
ക്ഷണിക്കണം
എന്നതാണർത്ഥം...

ആരെ കുറ്റം പറയും? വൈദീകരെയോ, സമർപ്പിതരെയോ, സഭാശുശ്രൂഷകരെയോ കുറ്റം പറഞ്ഞ്, അവര് കാരണമാണ് ഞാൻ ഇങ്ങനെ ആയത് എന്നു പറഞ്ഞാൽ സ്വർഗ്ഗം സ്വന്തമാക്കൻ നമ്മുക്ക് സാധിക്കുമോ? വിതക്കാരനെ വിധിക്കാൻ നാം ആരാണ്? വിധിക്കേണ്ടവൻ ദൈവമാണ്. നാം ചെയ്യേണ്ടത് വചനം സ്വീകരിച്ച് ഫലം സമ്മാനിക്കുക എന്നതു മാത്രമാണ്.

ഭഗ്നാശനാകാതെ എല്ലായിപ്പോഴും വചനം പ്രഘോഷിക്കണം എന്ന് സമർത്ഥിക്കാനുള്ള ഏറ്റവും നല്ല വചനഭാഗമാണിത്. വഴിയരുകിലും, പാറപ്പുറത്തും, മുള്ളുകൾക്കിടയിലും വിത്തുകൾ വീഴുന്നുണ്ട്. ഇവയൊന്നും നല്ല ഫലങ്ങൾ സമ്മാനിക്കുന്നില്ല. എന്നിട്ടും, വിതക്കാരൻ വിത്ത് വിതയ്ക്കുകയാണ്, നല്ല ഫലങ്ങൾ സ്വപ്നം കണ്ട്. ഈ വിതക്കാരന്റെ മനോഭാവമാണ് വചനപ്രഘോഷണകർക്ക് ആവശ്യം. ഫലം നോക്കാതെ വചനം വിതച്ചു കൊണ്ടിരിക്കുക. ഈ മനോഭാവം ഉള്ളതുകൊണ്ട് തന്നെയാണ് പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ഈ ഭൂമിയിലേയ്ക്ക് അയക്കുന്നത്. ഇന്നല്ലെങ്കിൽ നാളെ നാം മാനസാന്തരത്തിലേയ്ക്ക് വന്ന് നല്ല ഫലങ്ങൾ സമ്മാനിക്കുമെന്നുള്ള പ്രതീക്ഷ. തമ്പുരാനുള്ള ഈ പ്രത്യാശ, പ്രതീക്ഷ നമുക്കുണ്ടോ?

**അനുബന്ധ ചിന്തകൾ:**

വേലിക്കെട്ടില്ലാത്ത ഇടം പോലെയാണോ എന്റെ മനസ്സും ശരീരവും?

ജീവിത വ്യഗ്രതകളും സുഖലോൽപതയും മുൾച്ചെടിപ്പോലെ വളർന്ന് എന്റെ ആത്മീയ വളർച്ചയെ മുരടിപ്പിക്കുന്നുണ്ടോ?

"പാറപ്പോലെയുള്ള മനസ്സാണ് എന്റെത്" ഇതൊരു ക്രെഡിറ്റല്ല. അലിവും ക്ഷമയും അനുകമ്പയും നഷ്ടപ്പെട്ട് ഫലശൂന്യമായി കിടക്കുന്ന ഇടമാണോ എന്റെ മനസ്സും ഹൃദയവും.

**സ്വർഗ്ഗത്തിലെ വിശേഷങ്ങൾ പറയാൻ ഭൂമിയിലെ കഥ പറയുന്ന കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്:**

ഫലം സമ്മാനിക്കാത്ത ശാപഭൂമിയായി നാം മാറരുത്.

"മിനിമം" കൊണ്ട് സന്തോഷിക്കുന്ന മുപ്പത് മേനിക്കാരായി നാം മാറ്റപ്പെടരുത്.

"ആവരേജ്" കൊണ്ട് സന്തോഷിച്ച് 'വലിയ കൊഴപ്പമില്ലാതെ അങ്ങ് പോകുന്നു' എന്ന മട്ടിലും ജീവിക്കരുത്.

പരിപൂർണതയുടെ നൂറ് മേനിക്ക് വേണ്ടി വചനം പതിക്കാൻ പാകത്തിന് ഹൃദയനിലങ്ങളെ ഒരുക്കുക.

ഫാ. ജോബി മേനോത്ത്